പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3965 — 11.11.2019 ൽ മറുപടിയ്ക്ക്

## ശുഭയാത്ര പദ്ധതി

ചോദ്യം — മറുപടി

ശ്രീ.പി.കെ.അബ്ദു റബ്ബ് — കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ശുഭയാത്ര പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്കായുള്ള ഇലക്ട്രോണിക് വീൽ ചെയറിനായി ശ്രീ. മുഹമ്മദ് നബീൽ, അഴീക്കോട് എന്ന വ്യക്തി 04.01.2019 ന് നൽകിയ അപേക്ഷയിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത അപേക്ഷപ്രകാരം ഇലക്ട്രോണിക് വീൽ ചെയർ എന്നത്തേക്ക് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി)<br>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ ശുഭയാത്ര പദ്ധതി പ്രകാരം ഭിന്നശഷിക്കാർക്കുള്ള ഇലക്ട്രോണിക് വീൽചെയറിനായി അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 5.1.2019 ആയിരുന്നു. ശ്രീ.മുഹമ്മദ് നബീൽ.എം, മുല്ലോളി ഹൗസ്, ബോട്ടുപാലം, അഴീക്കോട്, കണ്ണൂർ ജില്ല എന്ന വ്യക്തിയുടെ അപേക്ഷ 7.1.2019 ലാണ് കോർപ്പറേഷനിൽ ലഭിച്ചത്. ആയതിനാൽ ടിയാളുടെ അപേക്ഷ തുടർ നടപടികൾക്കായി പരിഗണിച്ചിട്ടില്ല. |
| (സി) ഇപ്രകാരമുള്ള എത്ര അപേക്ഷകളാണ് ഇനിയും തീർപ്പാക്കാനുള്ളതെന്ന് അറിയിക്കാമോ? | (സി) അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതിയായ 5.1.2019 തീയതിക്കകം ലഭിച്ച 2423 അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചു വരുന്നു. 5.1.2019 നു ശേഷം ലഭിച്ച 693 അപേക്ഷകൾ തുടർനടപടികൾക്കായി പരിഗണിച്ചിട്ടില്ല. |

Jasmin Thomas

സെക്ഷൻ ഓഫീസർ